ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033
ഇ-മെയിൽ:secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ: KLS/2971/2025-HK B3 തിരുവനന്തപുരം
27-11-2025

## ലേലപ്പരസ്യം

നിയമസഭാ സമുച്ചയത്തിലെ ബ്രിഗേഡിയർ ഗേറ്റിന് സമീപം സൂക്ഷിച്ചിരിക്കുന്ന പഴയ GI പൈപ്പുകൾ വിഭാഗം I-ൽ പെടുത്തി **08.12.2025, തിങ്കളാഴ്ച രാവിലെ 11.00** മണിക്കും CB-19, CB-22 മുറികളിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗശൂന്യമായ 5 ഇനം ഫർണിച്ചറുകൾ വിഭാഗം II-ൽ പെടുത്തി **08.12.2025, തിങ്കളാഴ്ച രാവിലെ 11.30** മണിക്കും പരസ്യലേലം നടത്തുന്നു. കൂടാതെ നിയമസഭാ സെക്രട്ടേറിയറ്റിലെ സെല്ലാറിലെ CC-33 നമ്പർ മുറിയിൽ സൂക്ഷിച്ചിരിക്കുന്ന 3 ഇനം വസ്തുക്കൾ ലേലം ചെയ്ത് വിൽക്കുന്നതിനായി താത്പര്യമുള്ള വ്യക്തികളിൽ നിന്നും മുദ്രവച്ച കവറുകളിൽ ക്വട്ടേഷനും ക്ഷണിക്കുന്നു. **08.12.2025ന് രാവിലെ 10.30 വരെ** ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്.

വിഭാഗം : I

| **ക്രമ നം.** | **ഇനം** | **എണ്ണം** |
|---|---|---|
| 1. | GI പൈപ്പുകൾ(6 മീറ്റർ നീളവും 50mm diameter വ്യാസവും) | 10 |

വിഭാഗം : II

| **ക്രമ നം.** | **ഇനം** | **എണ്ണം** |
|---|---|---|
| 1 | ഇരുമ്പ് കസേര | 148 |
| 2 | തടിക്കസേര | 97 |
| 3 | കമ്പ്യൂട്ടർ ചെയർ | 21 |
| 4 | തടി മേശ | 7 |
| 5 | സെറ്റി | 2 |

വിഭാഗം : III കൺസീൽഡ് ക്വട്ടേഷൻ ക്ഷണിക്കുന്ന ഫർണിച്ചറുകൾ

| **ക്രമ നം.** | **ഇനം** | **എണ്ണം** |
|---|---|---|
| 1. | തടി ജനൽ പാളി (കമ്പി കോർത്തത്) | 44 |
| 2. | തടി ജനൽ പാളി (കമ്പിയില്ലാത്തത്) | 14 |
| 3. | അലൂമിനിയം ഡോർ | 6 |

**വിഭാഗം I**-ലെ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായ **₹110/-(നൂറ്റിപത്ത് രൂപ മാത്രം)**, **വിഭാഗം II**-ലെ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായ **₹1,090/- (ആയിരത്തി തൊണ്ണൂറ് രൂപ മാത്രം)** എന്നിവ അന്നേ ദിവസം **രാവിലെ 10.30 മണിക്ക്** ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം പിടിക്കുന്നയാളിന്റെ പേരിൽ തുക ന്യായമാണെന്ന് കാണുന്നപക്ഷം ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്.

**വിഭാഗം III**-ലെ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ക്വട്ടേഷനുകൾ മുദ്രവെച്ച കവറിൽ 08.12.2025, തിങ്കളാഴ്ച രാവിലെ 10.30 മണിക്കു മുൻപായി 'സെക്രട്ടറി, കേരള നിയമസഭ, വികാസ് ഭവൻ(പി.ഒ.), തിരുവനന്തപുരം-33' എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷൻ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് "നിയമസഭാ സമുച്ചയത്തിലെ ഉപയോഗശൂന്യമായ ഫർണിച്ചറുകൾ ലേലം കൊള്ളുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 12.00 മണിക്ക് ഹൗസ് കീപ്പിംഗ് വിഭാഗം അണ്ടർ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർക്ക് GST Identification Number ഉണ്ടായിരിക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയാൽ ലേലവിലയും നിയമാനുസൃത ജി.എസ്.ടി.യും ഉൾപ്പെടുന്ന തുക അന്നു തന്നെ 'ഹൗസ് കീപ്പിംഗ്' വിഭാഗത്തിൽ അടച്ച ശേഷം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേല വസ്തുക്കൾ കൊണ്ടു പോകേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലനിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിൽ മുതൽക്കൂട്ടുന്നതും ലേല വസ്തു പുനർലേലം ചെയ്യുന്നതുമായിരിക്കും.

മേൽപരാമർശിച്ച സാധനങ്ങൾ ഓഫീസ് പ്രവൃത്തി സമയത്ത് ഹൗസ് കീപ്പിംഗ് വിഭാഗം ഓഫീസ് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം റദ്ദ് ചെയ്യുകയോ ലേലനടപടിക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ലേലം സ്ഥിരീകരിക്കാതിരിക്കുകയോ ചെയ്താൽ ലേലത്തിൽ പങ്കെടുത്തവർക്ക് നിക്ഷേപിച്ച തുക പലിശയോ നഷ്ടപരിഹാരമോ കൂടാതെ തിരികെ നൽകുന്നതായിരിക്കും.

ഏതെങ്കിലും കാരണവശാൽ ലേലം നടത്തുന്ന ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേലനടപടികൾ നടത്തുന്നതാണ്. ലേലം മുന്നറിയിപ്പ് ഇല്ലാതെ മാറ്റി വയ്ക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം നിയമസഭാ സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.

**Signed by Abdul Majeed T P**
**Date: 27-11-2025 16:38:35**

ടി. പി. അബ്ദുൽ മജീദ്
അണ്ടർ സെക്രട്ടറി (ഹൗസ് കീപ്പിംഗ്)
സെക്രട്ടറിക്കുവേണ്ടി.

പകർപ്പ് :-

1. സെക്രട്ടറിയുടെ പി.എസ്.
2. അഡീഷണൽ സെക്രട്ടറി (V)-യുടെ പി.എ.
3. ഓഫീസ് സൂപ്രണ്ട്, ഹൗസ് കീപ്പിംഗ് വിഭാഗം.
4. വിവരസാങ്കേതികവിദ്യ വിഭാഗം.
5. ചീഫ് മാർഷൽ.
6. ഹെൽത്ത് ഇൻസ്പെക്ടർ
7. കരുതൽ ഫയൽ.
8. ഫയൽ പകർപ്പ്.